**പതിന്നാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1454** **13.07.2016-ൽ മറുപടിക്ക്**

**ഡോക്ടർമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.ദിവാകരൻ**<br>**ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീമതി.സി.കെ.ആശ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തെ ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും ഇതിൽ സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും വെളിപ്പെടുത്തുമോ; | ഉണ്ട്.<br>നിലവിൽ 551 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. ഇതിൽ 304 ഒഴിവുകൾ സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടേതാണ്. |
| (ബി)സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പടെ എല്ലാ ആശുപത്രികളിലും സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടെങ്കിൽ വിശദമാക്കുമോ; | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ദേശീയ-സംസ്ഥാന മാനദണ്ഡങ്ങളനുസരിച്ച് സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കപ്പെട്ട സ്ഥാപനങ്ങളല്ല. എന്നാൽ താലൂക്കാശുപത്രിമുതൽ ജനറൽ ആശുപത്രി വരെയുള്ള ആശുപത്രികളിലും, തിരഞ്ഞെടുക്കപ്പെട്ട ചില സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും അനുവദിക്കപ്പെട്ട തസ്തികകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചുവരുന്നുണ്ട്. |

താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ ലഭിക്കുന്ന മുറക്ക് പരിശോധിക്കുന്നതാണ്.

(സി)സർവ്വീസിലുള്ള എത്ര ഡോക്ടർമാർ ദീർഘകാല അവധിയെടുത്ത് വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാർ എത്രയെന്ന് വെളിപ്പെടുത്തുമോ ; ഇവരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഡോക്ടർമാർക്ക് പഠനാവശ്യത്തിന് ഒഴികെ ദീർഘകാല ശൂന്യവേതനാവധി അനുവദിക്കാറില്ല. എന്നാൽ 3 അസിസ്റ്റന്റ് സർജൻമാർക്ക് വിദേശത്ത് പോകുന്നതിന് പ്രത്യേക അനുമതി പ്രകാരം അവധി അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ